ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുകയുള്ളൂ. ഇറക്കുമതി ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങളുമായി ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ മത്സരിക്കാൻ സാധിക്കാതെ വരികയും കേരളത്തിലെ കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. സാർക്ക് രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കാത്ത ഉൽപ്പന്നങ്ങളും ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളും മറ്റു രാജ്യങ്ങളിൽനിന്നും സാർക്കരാജ്യങ്ങൾ വഴി ഇൻഡ്യയിൽ എത്തുവാനും അതുവഴി ഇൻഡ്യൻ ഉൽപ്പന്നങ്ങളുടെ ആഭ്യന്തരവില ക്രമാതീതമായി കുറയുവാനും സാധ്യതയുണ്ട്.

(സി) ഈ അവസ്ഥ തരണം ചെയ്യുന്നതിനായി ഇൻഡ്യയിൽ സുലഭമായി ലഭ്യമായിട്ടുള്ള ഉൽപ്പന്നങ്ങളുടെ ഇറക്കുമതി നിരോധിക്കേണ്ടതുണ്ട്. സാർക്ക് രാജ്യങ്ങളിൽ നിന്നും ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിയന്ത്രണ വിധേയമായി അടിയന്തിര ഘട്ടങ്ങളിൽ മാത്രം ഇറക്കുമതി ചെയ്യേണ്ടതും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന ചെലവ് കുറച്ച് ഉൽപ്പാദനക്ഷമത കൂട്ടി കൂടുതൽ ഉൽപ്പന്നങ്ങൾ സാർക്ക് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനുള്ള സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. ഇതിനായി ഉൽപ്പന്നങ്ങൾ ഉൽപ്പാദനക്ഷമമാക്കി വിദേശ വിപണി കണ്ടെത്തുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായികോൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുവാൻ ഉൽപ്പാദകരെ സഹായിക്കുന്നതിലേക്ക് കേരള സംസ്ഥാന കയറ്റുമതി വികസന കൗൺസിൽ (കേരക്സിൽ) അന്താരാഷ്ട്ര വാണിജ്യപ്രദർശനങ്ങളിൽ കേരളാ പവിലിയൻ തുറന്ന് ഉൽപ്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ സൗജന്യമായി പ്രദർശിപ്പിക്കുവാൻ അവസരം ഒരുക്കിവരുന്നു.

പുറമ്പോക്ക് ഭൂമി പതിച്ചു നൽകാൻ നടപടി

16 (*486) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ലോനപ്പൻ നാമ്പാടൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്കുകളിലും റോഡ് പുറമ്പോക്കുകളിലും താമസിക്കുന്നവർക്ക് കൈവശഭൂമി പതിച്ചുനൽകാൻ സർക്കാർ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്ന അപേക്ഷകളിൽ അടിയന്തിര നടപടി സ്വീകരിക്കാൻ തഹസീൽദാർമാർക്ക് നിദ്ദേശം നൽകുമോ ;

(സി) സംസ്ഥാനത്ത് റവന്യൂ പുറമ്പോക്കുകളിലും റോഡ് പുറമ്പോക്കുകളിലും താമസിക്കുന്ന കൈവശക്കാരെ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ;

(ഡി) പുറമ്പോക്കിൽ താമസിക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതിനുവേണ്ടി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ).

371/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) പുറമ്പോക്ക് ഭൂമിക്കുള്ള പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയം നൽകുന്ന നടപടി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ഭൂമിപതിവ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹരായ കൈവശക്കാർക്ക് റോഡ് വികസനത്തിന് തടസ്സമില്ലാത്ത സാഹചര്യത്തിൽ പട്ടയം നൽകുന്നതാണ്. പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡ്, തോട്, പുഴ, കുളം, പുറമ്പോക്കുകളിലെ കൈവശക്കാർക്ക് ചില നിബന്ധനകൾക്ക് വിധേയമായി കൈവശരേഖ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി)(ഇ) പുറമ്പോക്കിൽ താമസിക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് പഞ്ചായത്തുകൾതോറും 50 വീടുകൾവീതം വരുന്ന ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നുണ്ട്.

വികലാംഗ ക്ഷേമ പദ്ധതികൾ

17 (*487)പ്രൊഫ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹിക ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) വികലാംഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത വകുപ്പിൽ കൂടി വികലാംഗക്ഷേമത്തിനായി നടപ്പാക്കാൻ പോകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മാനസികവൈകല്യം ബാധിച്ചവരെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും ഇവരെ സംരക്ഷിക്കുന്നതിന് സർക്കാർവക സംവിധാനങ്ങൾ എവിടെയെല്ലാം ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ).

(എ) വികലാംഗരുടെ ക്ഷേമത്തിനും പുനഃരധിവാസത്തിനുമായി ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†

(ബി)&(സി) വികാലംഗ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടില്ല. എന്നാൽ 1995ലെ കേന്ദ്ര നിയമമായ വികലാംഗ (തുല്യ അവസര-അവകാശ സംരക്ഷണ-പൂർണ്ണ പങ്കാളിത്ത) നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു സംസ്ഥാന കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരള

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly